ഹരിതാഭ ബ്യൂട്ടിസോപ്പ് ഫാക്ടറി അടച്ചുപൂട്ടുന്നു

അയ്യനം ജോൺ

ഹരിതാഭ ബ്യൂട്ടിസോപ്പ് ഫാക്ടറി അടച്ചുപൂട്ടുന്നു
അയ്മനം ജോൺ
(മലയാളം: ചെറുകഥ)

© 2022, Aymanam John

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Coast Scene by Moonlight, a painting by Abraham Pether (1756–1812). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഹരിതാഭ ബ്യൂട്ടിസോപ്പ് ഫാക്ടറി അടച്ചുപൂട്ടുന്നു

ഇന്നത്തെ തപാലിലാണ് അതു കിട്ടിയത്. ഹരിതാഭ ബ്യൂട്ടിസോപ്പ് ഫാക്ടറിക്കു വേണ്ടി ടേൺ ഓഫ് സെഞ്ചറി മാർക്കറ്റിങ് കൺസൾട്ടൻസി (ടി. ഒ. സി.) തയ്യാറാക്കിയ മാർക്കറ്റ് സർവേ റിപ്പോർട്ടിന്റെ കരടുപതിപ്പ്.

ടി. ഒ. സി.-യിൽ മാർക്കറ്റ് അനലിസ്റ്റായ മരുമകൻ വിനീത് മേനോൻ (വീട്ടിൽ ഉണ്ണിയെന്ന് വിളിക്കും) എനിക്ക് അയച്ചുതന്നതാണ് അത്.

എന്റെ എഴുപതാം പിറന്നാളിന് വന്നപ്പോഴായിരുന്നു എന്നു തോന്നുന്നു കുളി കഴിഞ്ഞു മുറിയിലേക്ക് കയറിച്ചെല്ലവേ, എന്നെ നോക്കി ഉണ്ണി ചോദിച്ചത്: "ഓഹോ... അമ്മാവൻ ഇപ്പോഴും ഹരിതാഭ തന്നെയാണോ തേക്കുന്നത്?"

"ഉം? എന്തേ?" ചോദ്യത്തിനു പിന്നിൽ ഉണ്ണി എന്തോ ഒളിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നി.

"ഹരിതാഭ പൂട്ടാൻ പോകുകയാണ് അമ്മാവാ... അമ്മാവൻ അറിഞ്ഞില്ലേ?" എന്നിട്ട് മുറിയിലുണ്ടായിരുന്ന മറ്റുള്ളവരെ നോക്കി ഉണ്ണി തുടർന്നു:

"ഞങ്ങളായിരുന്നു കഴിഞ്ഞ മാർക്കറ്റ് സർവേ. റിപ്പോർട്ട് ഡ്രാഫ്റ്റ് ചെയ്തത് ഞാനാ... എ. ജി. എമ്മിൽ റിപ്പോർട്ട് പ്ലേസ് ചെയ്തപ്പോൾ വലിയ ബഹളം നടന്നെന്ന് കേൾക്കുന്നു. ഒടുവിൽ കമ്പനി പൂട്ടാൻ തീരുമാനിച്ചു. പണ്ടത്തെ അടിപൊളി ബ്രാൻഡാണെന്നു പറഞ്ഞ് പുതിയ ജയന്റ്സിനു മുന്നിൽ ഈ ഒരൊറ്റ പ്രോജക്ടുകൊണ്ട് എത്ര കാലമാ പിടിച്ചുനിൽക്കാൻ പറ്റുന്നത്?"

കേട്ടത് ഒരു മരണവാർത്തപോലെ എനിക്കു തോന്നി. ഇല്ലിക്കാട്ട് കടവിലെ അലക്കുകല്ലിനു മുകളിൽ കയറ്റിനിർത്തി അമ്മ തേച്ചുകുളിപ്പിച്ചിരുന്ന കാലം മുതൽ എന്നെ പിന്തുടരുന്ന ഹരിതാഭയുടെ പാലപ്പൂഗന്ധം ഇല്ലാതാവാൻ പോകുന്നുവെന്നോ? പുഴവെള്ളത്തിലൊഴുകിപ്പോയ അതിന്റെ വർണക്കുമിളകളിലൊന്നുപോലെ ഹരിതാഭയും ഒഴുക്കിലൊരിടത്തുവെച്ച് പൊട്ടിത്തകരുന്നുവെന്നോ? എന്റെ ജീവിതത്തോടൊപ്പം ഇത്ര കാലവും ഉണ്ടായിരുന്ന ആ മികച്ച ഉത്പന്നം അതിന്റെ വിപണിയിൽ പരാജയപ്പെട്ടത് എങ്ങനെ എന്നറിയാൻ എനിക്കാഗ്രഹമുണ്ടായി.

അന്ന് വൈകുന്നേരം ഉണ്ണി മടങ്ങിയപ്പോൾ ആ മാർക്കറ്റ് സർവേ റിപ്പോർട്ട് ഒന്ന് കിട്ടിയാൽ കൊള്ളാമായിരുന്നു എന്നു ഞാൻ പറഞ്ഞയച്ചിരുന്നു. അവൻ തയ്യാറാക്കിയതാണെന്നറിഞ്ഞപ്പോൾ വായിക്കാൻ താത്പര്യം തോന്നിയിട്ടാണ് എന്ന് ഒരു ന്യായവും പറഞ്ഞു.

ഇന്ന് പകൽ മുഴുവൻ ഞാൻ ആ റിപ്പോർട്ട് വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. തെളിച്ചം കുറഞ്ഞ കമ്പ്യൂട്ടർ പ്രിന്റൗട്ട് കണ്ണുകൾക്ക് ക്ലേശം ഇടയ്ക്കിടെ ഇടർച്ചകൾ ഉണ്ടാക്കിയിട്ടും ആരാധ്യനായ വീരപുരുഷന്റെ ജീവചരിത്രം വായിക്കുന്നത്ര താത്പര്യത്തോടെയാണ് ഞാൻ അത് വായിച്ചുതീർത്തത്.

റിപ്പോർട്ടിന്റെ ആദ്യ ഭാഗം മുഴുവൻ സോപ്പുവിപണിയെപ്പറ്റിയുള്ള സ്ഥിതി വിവരക്കണക്കുകളാണ്. കഴിഞ്ഞ ഓരോ ദശകത്തിലെയും ഇന്ത്യക്കാരുടെ ശരാശരി സോപ്പുപയോഗം (ഗ്രാം കണക്കിൽ), മറ്റ് ഏഷ്യൻ രാജ്യങ്ങളിലെ ശരാശരി സോപ്പുപയോഗവുമായുള്ള താരതമ്യങ്ങൾ, ഭിന്ന സംസ്ഥാനങ്ങളിൽ, ഭിന്നകാലാവസ്ഥകളിലെ കുളികളുടെ എണ്ണം, ഓരോ കുളിയിലും ഉപയോഗിക്കുന്ന സോപ്പിന്റെ ശരാശരി തൂക്കത്തിൽ ദശകങ്ങൾതോറും രേഖപ്പെടുത്തിയ വ്യതിയാനങ്ങൾ, കുളിക്കാനെടുക്കുന്ന സമയം നാൾക്കുനാൾ കുറഞ്ഞു വരുന്നതിന്റെ ശതമാനക്കണക്കുകൾ, പുഴയിൽ കുളിക്കുന്നവരുടെ എണ്ണത്തിൽ വന്ന ഇടിവുകൾ, കുളിയിലും സോപ്പുപയോഗത്തിലും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിലെ സോപ്പുവിപണിയെ സംബന്ധിച്ച പ്രത്യേക കണക്കുകൾ... എന്നിങ്ങനെ.

രണ്ടാം ഭാഗത്താണ്, ഹരിതാഭയെപ്പറ്റിയുള്ള അന്വേഷണങ്ങളും കണ്ടെത്തലുകളും.

മുപ്പതുകളിൽ ഉത്പാദനം തുടങ്ങിയ ഹരിതാഭ ഏതാണ്ട് ആദ്യത്തെ പത്ത് വർഷങ്ങൾകൊണ്ടുതന്നെ ഇന്ത്യൻ സോപ്പുവിപണിയിൽ പ്രീമിയർ സോപ്പുകളുടെ പറുദീസയായ ദക്ഷിണേന്ത്യൻ മാർക്കറ്റിൽ അറുപതു ശതമാനം മാർക്കറ്റ് ഷെയർ നേടിയെടുക്കുകയും പിന്നീട് രണ്ട് ദശകങ്ങളോളം അത് ഭദ്രമായി നിലനിർത്തിയിട്ട് ക്രമേണ മാർക്കറ്റ് ഷെയർ താഴ്ന്ന് എഴുപതുകൾ കഴിഞ്ഞതോടെ കുത്തനെ ഇടിഞ്ഞ് ഇന്നത്തെ ഏഴ്–എട്ട് ശതമാനത്തിൽ എത്തുകയും ചെയ്തതായി റിപ്പോർട്ട് പ്രാരംഭചരിത്ര വിവരണത്തിൽ പറയുന്നു. ആരംഭം മുതൽ ഇന്നോളവും പ്രകൃതിദത്തമായ എണ്ണകളും സുഗന്ധദ്രവ്യങ്ങളും മാത്രം ഉപയോഗിച്ച് നിർമ്മിക്കപ്പെട്ടിട്ടുള്ള ഹരിതാഭ, അതിന്റെ കിടയറ്റ ഗുണമേന്മയാൽ എക്കാലവും മുൻനിരയിൽ നിൽക്കുമെന്ന് മുഢമായി വിശ്വസിച്ച മാനേജ്മെന്റിനെ പരിഹസിക്കുന്നതാണ് പിന്നീടുള്ള ഓരോ കണ്ടെത്തലും. ടി. ഒ. സി.യുടെ അഭിപ്രായത്തിൽ പൂക്കളെയും പുഴകളെയും എന്നപോലെ കൺസ്യൂമർ ഉത്പന്നങ്ങളെയും കാമുകഹൃദയങ്ങൾകൊണ്ട് സ്നേഹിച്ചിരുന്നവരുടെ തലമുറകൾ ഇക്കാലയളവിൽ പാതിയിലേറെ മാഞ്ഞുകഴിഞ്ഞു. പുതുതലമുറ ഒരുത്പന്നത്തെയും കണ്ണിനും മൂക്കിനും ചെവിക്കുമൊക്കെയപ്പുറം കടക്കാൻ അനുവദിക്കുന്നതേയില്ല. അവരുടെ കണ്ണുകളും കാതുകളും എന്നും പുതുകാഴ്ചകൾക്കും പുതുകേൾവികൾക്കും പിന്നാലെ പോകുന്നു. ഉത്പന്നങ്ങൾ പോയിട്ട് സ്വഭവനങ്ങൾ പോലും സ്ഥിരമായി സ്നേഹിക്കപ്പെടുന്നില്ല. ഹരിതാഭയാകട്ടെ, ഈ നീണ്ട കാലയളവിൽ സോപ്പിന്റെ ആകൃതിയിലോ നിറത്തിലോ എന്തിന് റാപ്പറിൽ പോലുമോ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നില്ല—റാപ്പറിന്റെ കോണിലെ നിർമ്മാണത്തീയതിയിലൊഴികെ. പുതുവർണ്ണങ്ങളിലും പുതുഗന്ധങ്ങളിലും പുതുനാമങ്ങളിലും ഒന്നൊന്നായി എത്തിക്കൊണ്ടിരുന്ന ബോംബെ സോപ്പുത്പന്നങ്ങൾ ഹരിതാഭയുടെ ടെറിട്ടറിയിലേക്ക് ശക്തമായ നുഴഞ്ഞുകയറ്റങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോഴും ഹരിതാഭ മാനേജ്മെന്റ് ബ്യൂട്ടിസോപ്പിന്റെ ഗുണനിഷ്കർഷകൾ ആവർത്തിച്ചാവർത്തിച്ച് ഉറപ്പുവരുത്തിക്കൊണ്ടിരുന്നു. ഫലമോ? അറുപതുകൾവരെ പതിനേഴുമുതൽ ഇരുപത്തിനാലുവരെയുള്ള മനോഹര സംഖ്യകൾക്കിടയിലായിരുന്ന ഹരിതാഭാ ഉപഭോക്താക്കളുടെ ശരാശരി പ്രായം എഴുപതുകൾ മുതൽ ക്രമാതീതമായി ഉയർന്ന് ഇന്നത്തെ ആശങ്കാകുലമായ നാല്പത്–അറുപതുകൾക്കിടയിലെത്തി നിൽക്കുന്നു (ഉപഭോക്താക്കളുടെ ശരാശരി വയസ്സ് മുപ്പതിനുമേൽ ഉയർന്നു കഴിഞ്ഞാൽ ഒരു കൺസ്യൂമർ ഉത്പന്നത്തിന്, ചെവിയോർത്താൽ മരണമണി കേൾക്കാമെന്ന് റിപ്പോർട്ടിൽ അടിവരയിട്ട് പറയുന്നു. "After thirty, man is a back number" എന്ന സാർത്രിന്റെ വാചകവും ഇവിടെ ഉദ്ധരിച്ച് ചേർത്തിട്ടുണ്ട്). പുതുതലമുറയുടെ അഭിരുചി എന്തെന്നറിയുവാൻ ടി. ഒ. സി. റാൻഡം സെലക്ഷൻ മെതേഡിൽ പതിനേഴ്–ഇരുപത്തിനാലുകാർക്കിടയിൽ നടത്തിയ അന്വേഷണത്തിൽ സൗന്ദര്യസോപ്പുകൾ ഓരോന്നിന്റെയും പേരിനോടൊപ്പം ഓർക്കാനുതകുന്ന ഒരു സിനിമാനടിയുടെ പേര് പറയാൻ ആവശ്യപ്പെട്ടപ്പോൾ ഹരിതാഭയുടെ പേരിന് കിട്ടിയ ഉത്തരങ്ങൾ ഹേമമാലിനി, വൈജയന്തിമാല കെ. ആർ. വിജയ എന്നൊക്കെയായിരുന്നത്രെ!

സോപ്പുവിപണിയിൽ പരസ്യങ്ങളുടെ പ്രാധാന്യമെന്താണെന്ന തിരിച്ചറിയാതെപോയ ഹരിതാഭ മാർക്കറ്റിങ് ടീമിനെ ടി. ഒ. സി. ഏറെ വിമർശിച്ചിട്ടുണ്ട്. ബോംബെ സോപ്പുത്പാദകർ വർഷംതോറും മൂന്നും നാലും കോടി രൂപ ഓരോ ബ്രാൻഡിന്റെയും പരസ്യത്തിനായി ചെലവിടുമ്പോൾ വെറും മുപ്പതോ നാല്പതോ ലക്ഷം മുടക്കിയാണ് ഹരിതാഭ അതിന്റെ അതിർത്തിസംരക്ഷണത്തിന് മുതിരുന്നത് എന്ന് റിപ്പോർട്ടിൽ അത്ഭുതപ്പെടുന്നു (ശത്രുക്കളാൽ ചുറ്റപ്പെട്ട ഒരു രാജ്യത്തിന്റെ പ്രതിരോധ ബജറ്റിനോളം പ്രധാനമാണ് ഇന്നത്തെ വിപണിയിൽ ഒരു സോപ്പിന്റെ പരസ്യബജറ്റ് എന്ന് ടി. ഒ. സി.). തുലോം പരിമിതമായ ഈ തുകകൊണ്ട് ഹരിതാഭ നല്കിക്കൊണ്ടിരിക്കുന്ന പരസ്യങ്ങൾ എത്ര അനാകർഷകങ്ങളാണെന്നും ടി. ഒ. സി. സ്ഥാപിക്കുന്നുണ്ട്. നുരഞ്ഞു പൊന്തുന്ന കടൽത്തിരയിൽ ബിക്കിനിയിട്ട് നീന്തിത്തുടിക്കുന്ന സുന്ദരിയുടെയും മനോഹരമായ ഒരു വെള്ളച്ചാട്ടത്തിന് നടുവിൽ ആലിംഗനം ചെയ്തു നിന്ന് കുളിക്കുന്ന താരദമ്പതികളുടെയുമൊക്കെ ആകർഷണീയ ചിത്രങ്ങളുള്ള പ്രീമിയം സോപ്പുകളുടെ പരസ്യലോകത്ത് ഹരിതാഭയുടെ ആനയെ കുളിപ്പിക്കുന്ന പരസ്യചിത്രം ഏതു കണ്ണുപൊട്ടന്റെ ഭാവനയാണെന്ന് ടി. ഒ. സി. അമ്പരക്കുന്നു. മുഖം മാത്രം പുറത്തു കാട്ടി സർവ്വാഭരണവിഭൂഷിതയായി സ്വർണ്ണത്തേരിലിരിക്കുന്ന രാജകുമാരിയുടെ ചിത്രമുള്ള മറ്റൊരു ഹരിതാഭ പരസ്യത്തെപ്പറ്റി ടി. ഒ. സി. പറയുന്നത്—ഇന്നത്തെ മാർക്കറ്റിൽ ഉടലിന്റെ ഇടപെടലില്ലാതെ മുഖകാന്തി മാത്രം കാട്ടി ഒരു സോപ്പും വില്ക്കാനാവില്ല എന്നാണ്. ഹരിതാഭയുടെ സുവർണ്ണകാലത്ത്, ബോംബെയിലെ സുന്ദരിയായ ഒരു പരസ്യമോഡലിനെ വെറും പതിനയ്യായിരം രൂപയ്ക്ക് കരാറാക്കാമെന്ന പറഞ്ഞ് ഹരിതാഭയെ സമീപിച്ച പരസ്യ ഏജൻസിയോട് അന്നത്തെ മാർക്കറ്റിങ് മാനേജർ, "ഒന്ന് പല്ല് കാട്ടുന്നതിന് പതിനയ്യായിരം രൂപയോ? അവളാര് ക്ലിയോപാട്രയോ?" എന്ന് ചോദിച്ച് ഓഫർ നിരസിച്ച കഥയും റിപ്പോർട്ടിൽ പറയുന്നുണ്ട്.

എഴുപതുകളിൽ ബോംബെ ചലച്ചിത്രലോകത്തിലെ പ്രശസ്ത താരമായി രൂപാന്തരപ്പെട്ട ആ പരസ്യമോഡലിനെ അന്ന് ഹരിതാഭ കരാറാക്കിയിരുന്നെങ്കിൽ കൈവരുമായിരുന്ന ബോംബെയിലെ മാർക്കറ്റ് ഷെയർ ടി. ഒ. സി. അനുമാനിക്കുന്നുണ്ട്. ആ പരസ്യത്തിന് കൊടുക്കേണ്ടിയിരുന്ന പതിനയ്യായിരം രൂപ യഥാർത്ഥത്തിൽ ഹരിതാഭയ്ക്ക് ചെലവാകുന്നില്ലെന്നും ഏത് ഉത്പന്നത്തിന്റെയും പരസ്യച്ചെലവ് ആത്യന്തികമായി ഉപഭോക്താവ് തിരിച്ചു നല്കുന്നതാണെന്നു മനസ്സിലാക്കാനുള്ള മാർക്കറ്റിങ് ബുദ്ധി ഹരിതാഭയുടെ മാർക്കറ്റിങ് വിഭാഗത്തിന് ഇല്ലാതെ പോയതിൽ ടി. ഒ. സി. ഖേദിക്കുന്നു.

പരസ്യങ്ങളുടെ മാത്രമല്ല, ഫാക്ടറിയുടെ ആകർഷണീയത സൂക്ഷിക്കുന്നതിലും ഹരിതാഭ കാട്ടിയ അനാസ്ഥ റിപ്പോർട്ടിൽ പഠന വിഷയമാവുന്നുണ്ട്. പ്രധാനപ്പെട്ട ഒരു ദേശീയപാതയ്ക്കരികെ, പുഴയോരത്തെ പ്രകൃതിസുന്ദരമായ ഒരു കുന്നിൻപുറത്ത് സ്ഥിതിചെയ്യുന്ന ഹരിതാഭ ഫാക്ടറി പണ്ട് എത്ര ആകർഷണീയമായി സൂക്ഷിക്കപ്പെട്ടിരുന്നുവെന്ന് ടി. ഒ. സി. ഓർമ്മപ്പെടുത്തുന്നു. ജലധാരായന്ത്രങ്ങളും വർണ്ണവിളക്കുകളുമൊക്കെയുണ്ടായിരുന്ന മനോഹരമായ ഒരു ഉദ്യാനത്തിന് നടുവിലായിരുന്നു അതിന്റെ സ്ഥാനം. എത്രയോ എസ്കർഷൻ പിക്നിക് പാർട്ടികൾ ഫാക്ടറി കാണാൻ എത്തിയിരുന്നുവെന്ന് പഴയ വിസിറ്റേഴ്സ് നോട്ടുബുക്കുകളിൽനിന്ന് കണ്ടെത്തിയതും ടി. ഒ. സി. ഓർമ്മിപ്പെടുത്തുന്നു. ഇന്ന് അകലെക്കാഴ്ചയിൽ കാലിത്തൊഴുത്തുകൾ പോലെ തോന്നുന്ന ഫാക്ടറിയും കുറ്റിക്കാടായി മാറിയ ഉദ്യാനവും ആ കുന്നിന്റെ ഭംഗികൂടി നഷ്ടപ്പെടുത്തിയെന്നാണ് ടി. ഒ. സി.-യുടെ പക്ഷം. കുന്നു കണ്ടാൽ പണ്ടത്തെ ഉയരംപോലും തോന്നാതായോ എന്നും ടി. ഒ. സി. ശങ്കിക്കുന്നു. പുത്തൻ സൈക്കിൾ കൂട്ടങ്ങളിൽ ദിവസവും കുന്ന് കയറിയിറങ്ങിയിരുന്ന പഴയകാല ഹരിതാഭത്തൊഴിലാളികളുടെ യൗവനം തുടിച്ചിരുന്ന പ്രസന്നമുഖങ്ങളുടെ സ്ഥാനത്ത് ഇന്ന് കാണുന്നത് തുരുമ്പിച്ച സൈക്കിളുകളിൽ ക്ഷീണിതരായി ചവിട്ടി നീങ്ങുന്ന മുഖക്ഷൗരം പോലും നടത്താൻ മടികുന്ന നിരാശരായ വൃദ്ധന്മാരുടെ മുഖങ്ങളാണെന്ന് ടി. ഒ. സി.

ഹരിതാഭയുടെ പതനത്തിന് മറ്റൊരു കാരണമായി ടി. ഒ. സി. കണ്ടെത്തുന്നത് സോപ്പിന്റെ വിപണന ശൃംഖലയിലെ വില്പനക്കാരുടെ കമ്മീഷനിൽ കാലഗതിക്കനുസരിച്ച് മാറ്റങ്ങൾ വരുത്താതിരുന്നതാണ്. മറ്റുത്പാദകർ കമ്മീഷൻനിരക്കുകൾ ഉയർത്തിക്കൊണ്ടിരുന്നതിന് പുറമെ, സൗജന്യ സമ്മാനപദ്ധതികൾക്കും ആണ്ടിലൊരിക്കലുള്ള വിനോദയാത്രയ്ക്കും വരെ പണം മുടക്കി വില്പനയെ പ്രോചോദിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഹരിതാഭ അതിന്റെ എട്ട് ശതമാനത്തിന്റെ വലയുടെ കോണിൽ, ഒരു എട്ടുകാലിയെപ്പോലെ അനങ്ങാതിരുന്നതായി ടി. ഒ. സി. പരിഹാസത്തോടെ പറയുന്നു. പണ്ടത്തെ പലചരക്കു കടകളിൽ ഉപ്പിനും മുളകിനുമൊക്കെ ഒപ്പം വെച്ചിരുന്ന ഹരിതാഭ ബ്യൂട്ടിസോപ്പ് ഇന്നത്തെ കടകളിൽ പ്രത്യേകം ആവശ്യപ്പെടുന്നവർക്ക് മാത്രം എടുത്തു കൊടുക്കുന്ന സാധനങ്ങളിലൊന്നായി പിൻ അലമാരകളിലേക്ക് മാറ്റപ്പെട്ടത് അങ്ങനെയാണെന്ന് ടി. ഒ. സി. നിരീക്ഷിക്കുന്നു (വില്പനക്കാരനെ വില കുറച്ച് കാണുന്ന ഒരുത്പന്നവും ഇരുപതാം നൂറ്റാണ്ടിന്റെ പടികടന്ന് അപ്പുറം പോവില്ലെന്ന് ടി. ഒ. സി. ഒരു ആപ്തവാക്യം പോലെ പറയുന്നുമുണ്ട്).

ആസന്നമായിക്കഴിഞ്ഞ പുതിയ നൂറ്റാണ്ടിൽ ഹരിതാഭയെ വിപണിയിലേക്കു തിരിച്ചുകൊണ്ടുവരാൻ ഉതകുന്ന ഒരുപായവും അവശേഷിക്കുന്നില്ല എന്ന നിഗമനത്തോടെയാണ് ടി. ഒ. സി. റിപ്പോർട്ട് അവസാനിപ്പിക്കുന്നത്. വൃദ്ധജനങ്ങളുടെ സോപ്പ് എന്നു വിളിക്കപ്പെടാൻ തക്കവണ്ണം അധഃപതിച്ച അതിന്റെ വിപണനമൂല്യം ഉയർത്തുന്നത് ക്രൂന് നിവർത്തുന്നതുപോലെ അസാദ്ധ്യമായ സംഗതിയാണ് എന്ന് പറഞ്ഞ് ടി. ഒ. സി. ഭരതവാക്യം ചൊല്ലുന്നു.

മാർക്കറ്റ് സർവേയിൽ താൻ നടത്തിയ പഠനങ്ങൾ എത്രയോ വസ്തു നിഷ്ഠവും ഗഹനവുമാണെന്ന് എന്നെ ബോദ്ധ്യപ്പെടുത്താനാവണം ഉണ്ണി, അവൻ ഉപയോഗിച്ച സ്റ്റഡിമെറ്റീരിയലുകളിൽ ചിലതും റിപ്പോർട്ടിനൊപ്പം അടക്കം ചെയ്തിരുന്നു. അതിലൊന്നിൽ, മലയാളി ഉപഭോക്താക്കളിൽ, അറിയപ്പെടുന്നവരും അട്ടത്തിറയുവുന്നവരുമായ ചിലരെ അവൻ പേരെടുത്തു പറഞ്ഞിരുന്നു. സ്വാതന്ത്ര്യസമരഭടന്മാരും പിരിച്ചുവിടപ്പെട്ട പഴയ കമ്യൂണിസ്റ്റുകാരും കേസില്ലാ വക്കീലന്മാരും വായനക്കാരെ നഷ്ടപ്പെട്ട എഴുത്തുകാരുമൊക്കെയടങ്ങിയ ആ പട്ടികയിൽ ഉണ്ണി എന്റെ പേരും ചേർത്തിരുന്നു. പേരിനോടൊപ്പം അമ്മാവൻ എന്ന് എഴുതാതെ റിട്ടയേർഡ് ഹെഡ്മാസ്റ്റർ എന്നാണ് എഴുതിയിരുന്നതെന്നു മാത്രം. ഈ തിരിച്ചറിയൽ പട്ടികയ്ക്ക് താഴെ, ഹരിതാഭയെ സ്നേഹിച്ച തലമുറയുടെ ചില പൊതുസവിശേഷതകളും ഉണ്ണി കുറിച്ചിട്ടിരുന്നു. ഏതാണ്ട് ബൈബിളിലെ സങ്കീർത്തനങ്ങളെ ഓർമ്മിപ്പിക്കുന്ന ഭാഷയിൽ എഴുതപ്പെട്ട ഈ കുറിപ്പുകളിൽ അവൻ ഹരിതാഭാഉപഭോക്താക്കളെ ഇപ്രകാരം തിരിച്ചറിയുന്നു. വൻനഗരങ്ങളിൽ പോലും ഓടിട്ട വീടുകളിൽ പാർക്കുന്നവരാണ് അവരേറെയും. വീടിനു മുന്നിൽ പുൽത്തകിടികൾ ഉണ്ടാക്കാതെ പഴയമട്ടിൽ ചെടിച്ചട്ടികൾ നിരത്തിയ പൂന്തോട്ടങ്ങൾ സൂക്ഷിക്കുകയും ചെയ്യുന്നു. ചെത്തികളും ചെമ്പരത്തികളും പോലും വെട്ടിക്കളയുന്നില്ല. നല്ലയിനം നായ്ക്കളെ പോറ്റുന്നതേ, നാടൻ വളർത്തു നായ്ക്കളെ പോറ്റിവളർത്തുന്നു. ആഡംബരങ്ങളല്ല, ആദർശങ്ങളാണ് ജീവിത മൂല്യങ്ങളെ നിർണ്ണയിക്കുന്നത് എന്ന് ഇപ്പോഴും വിശ്വസിക്കുന്ന ഇക്കൂട്ടർ യന്ത്രങ്ങൾക്ക് എളുപ്പത്തിൽ ചെയ്തുകൊടുക്കാൻ കഴിയുന്ന പണികൾപോലും സ്വയം ഏറ്റെടുത്ത് ചെയ്യുന്നു. അരി അരയ്ക്കാൻ ഗ്രൈൻഡറോ തുണികൾ കഴുകാൻ വാഷിങ് മെഷിനോ തങ്ങളുടെ വീടുകളിൽ ഉപയോഗിക്കുന്നത് ഇവർ ഇഷ്ടപ്പെടുന്നില്ല. ഫ്രിഡ്ജിൽ സൂക്ഷിക്കുന്ന ആഹാരപദാർത്ഥങ്ങൾ കഴിവതും വർജ്ജിക്കുന്നു. കഴിയാവുന്നത്ര ദൂരങ്ങൾ വാഹനങ്ങളെ ആശ്രയിക്കാതെ നടന്നുതന്നെ പോകുന്നു. ബസ്സിൽ കയറിയാലോ, ബസ്സുകൂലിയുടെ ബാക്കി കിട്ടുന്ന ചില്ലറത്തുട്ടുകൾ പോലും എണ്ണി നോക്കുന്നു. ഏതു പ്രവൃത്തിയിൽ ഏർപ്പെടുന്നതിനു മുൻപും അതിന്റെ ധാർമ്മികതയെപ്പറ്റി അല്പനേരം ചിന്തിച്ചിരിക്കുന്നു. ശിശുദിനാഘോഷങ്ങളിലൂടെ അവരുടെ മനസ്സിൽ പതിക്കപ്പെട്ട പ്രാവിനെ പറത്തുന്ന നെഹ്റുചിത്രവും ദണ്ഡിയിലേക്ക് നടക്കുന്ന ഗാന്ധിജിയുടെ ചിത്രവും ചിന്താധീനനായ മാർക്സിന്റെ ചിത്രവുമൊക്കെ നോക്കി നെടുവീർപ്പിടുന്നു. പഴയ ചലച്ചിത്രഗാനങ്ങൾ കേട്ടാൽ കോരിത്തരിക്കുകയും പുതിയവ കേട്ടാൽ ചെവികൾ പൊത്തുകയും ചെയ്യുന്നു. ആശാന്റെയും ചങ്ങമ്പുഴയുടെയുമൊക്കെ കവിതകൾ ഇന്നും ഓർത്തിരുന്ന് ചൊല്ലുന്നു. നരച്ച മുടി ഡൈ ചെയ്യുന്നത് അന്തസ്സിന് നിരക്കാത്ത കാര്യമെന്ന കരുതുന്നു. വരണ്ട പുഴകളും കാട് തെളിക്കപ്പെട്ട കുന്നിൻചരിവുകളുമൊക്കെ നോക്കി വിചാരപ്പെട്ട് നിൽക്കുന്നു. ക്രിക്കറ്റിനെക്കാൾ നല്ല കായികവിനോദം ഫുട്ബോളാണെന്ന് പറയാൻ ഇന്നും ധൈര്യം കാട്ടുന്നു. എഴുത്തുകാരും കലാകാരന്മാരും സാംസ്കാരികനായകന്മാരാണെന്ന അന്ധവിശ്വാസം കാത്തു സൂക്ഷിക്കുന്നു. ഒരു സോപ്പ് അദൃശ്യമാവുംവരെ അത് ഉപയോഗിക്കുന്നു. ഭൂമിയിൽ ഇക്കണ്ട മാറ്റങ്ങളൊക്കെയുണ്ടായിട്ടും മനുഷ്യർ കായ്കനികൾ ഭക്ഷിച്ചും കാലികളെ മേയ്ച്ചും നടന്നിരുന്ന സുവർണ്ണകാലം മടങ്ങിവരുമെന്ന് വെറുതെ പ്രതീക്ഷിക്കുന്നു. ഭൗമാന്തരീക്ഷം ഇത്രമേൽ മലിനമായിട്ടും ഹൃദയാഘാതംപോലുള്ള വിപത്തുകൾ തങ്ങൾക്ക് ഒരിക്കലും നേരിടേണ്ടിവരില്ലെന്നും ഈ ശുദ്ധാത്മാക്കൾ വിശ്വസിക്കുന്നു.

ഇത്രയും വായിച്ചപ്പോൾ, നേരിയ ഒരു ക്ഷീണംപോലെ തോന്നി. ഞാൻ റിപ്പോർട്ട് മടക്കിവെച്ച് ചാരുകസേരയുടെ പിന്നിലേക്ക് ചാഞ്ഞു. പഴയ കാര്യങ്ങൾ ഓർത്താൽ പലപ്പോഴും അറിയാതെ ചെയ്തു പോകുന്നതുപോലെ കല്യാണിക്കുട്ടിയുടെ ഫോട്ടോയിലേക്കാണ് എന്റെ കണ്ണുകൾ നീണ്ടുപോയത്. മുടിയിലെ നരകളും മുഖത്തെ ചുളിവുകളും മായ്ച്ച കളഞ്ഞ്, അവളുടെ പഴയ മുഖം കാട്ടി കല്യാണിക്കുട്ടി, പണ്ടൊരിക്കൽ പൂമലക്കുന്നിന്റെ മുകളിലെ ഭഗവതിക്കാവിലേക്ക് ഞങ്ങളൊന്നിച്ച് തൊഴാൻ പോയ വെള്ളിയാഴ്ച വൈകുന്നേരത്തിന്റെ ഓർമ്മകളിലേക്ക് എന്നെ കൊണ്ടു പോയി.

അന്ന് കുന്നിന്റെ മുകളറ്റത്തെ സർപ്പക്കാവിനടുത്തെത്തിയപ്പോൾ പെട്ടെന്നൊന്നുനിന്ന് ആഞ്ഞൊന്നു ശ്വസിച്ചിട്ട്, കല്യാണിക്കുട്ടി പറഞ്ഞു: "നല്ല ഒരു മണം... നല്ല പരിചയമുള്ള ഒരുമണം" ഒട്ടുംതന്നെ വൈകാതെ, വിജയഭാവത്തോടെ അവൾ കൂട്ടിച്ചേർത്തു: "ഓ... ഹരിതാഭാസോപ്പിന്റെ മണം." സർപ്പക്കാടിനെ മൂടിയ നിറസന്ധ്യയുടെ ഇളംകുറുപ്പിൽ, വെള്ളിനക്ഷത്രങ്ങളെപ്പോലെ വിടർന്നു നിന്ന പാലപ്പൂക്കൾ ഞാനാണ് കണ്ടെത്തിയത്. കല്യാണിക്കുട്ടിയെ കളിയാക്കും പോലെ ഒന്ന് പൊട്ടിച്ചിരിച്ചിട്ട് ഞാൻ പറഞ്ഞു: "ഓഹോ... അതു കൊള്ളാം. സോപ്പിന് പൂവിന്റെ മണം എന്നല്ല, പൂവിന് സോപ്പിന്റെ മണം അല്ലേ?"

"സോപ്പല്ലേ എന്നും തേച്ചുകുളിക്കുന്നത്, പൂവല്ലല്ലോ" തർക്കുത്തരം പറയാൻ മിടുക്കിയായിരുന്ന കല്യാണിക്കുട്ടി ഉടൻ പ്രതിവചിച്ചു.

ആ പഴയ വൈകുന്നേരത്തിന്റെ ഓർമ്മയ്ക്കായി ഇന്നത്തെ സായാഹ്ന സവാരി പൂമലക്കുന്നിലേക്കുതന്നെയാകട്ടെ എന്നു ഞാൻ തീരുമാനിച്ചു. വഴിയുടെ അകലവും കുന്നുകയറാനുള്ള അധികസമയവും കണക്കാക്കി പതിവിലും നേരത്തേ പുറപ്പെടുകയും ചെയ്തു. സായാഹ്നനടത്തത്തിലെ വഴിമാറ്റത്തിനു കാരണമായി എതിരെവന്ന പലരോടും ഓരോരോ ഒഴികഴിവുകൾ പറയേണ്ടിവന്നു. പൂമലക്കുന്നിലേക്കുള്ള വഴി പക്ഷേ, തീർത്തും വിജനമായിരുന്നു. കാവിലെ പൂജ നിന്നു പോയിരുന്നുവെന്നു തോന്നുന്നു—ചവിട്ടടിപ്പാടുകൾക്കു മുകളിൽ പോലും പുല്ലുകൾ കിളിർത്തു നിന്നിരുന്നു.



കുന്ന് കയറിത്തുടങ്ങിയപ്പോൾതന്നെ വല്ലാത്ത കിതപ്പനുഭവപ്പെട്ടിരുന്നെങ്കിലും സർപ്പക്കാവും പാലമരങ്ങളും അവിടെത്തന്നെയുണ്ടോ എന്നറിയാനുള്ള താത്പര്യം എന്നെ മുന്നോട്ടുതന്നെ നടത്തി. പാതിയോളം കയറിയപ്പോൾ എതിരെ വന്ന ചെറുകാറ്റ് കൊണ്ടുവന്ന പാലപ്പൂഗന്ധം എന്റെ കാൽവയ്പുകളുടെ വേഗത കൂട്ടി. ഒടുവിൽ വല്ലാതെ കിതച്ചുകൊണ്ട് ആ സർപ്പക്കാടിന് അടുത്തെത്തി നിന്നതും പാലപ്പൂഗന്ധം പുരണ്ട അന്നത്തെ ആ സന്ധ്യാനേരം ഒരു മാറ്റവുമില്ലാതെ എനിക്കു ചുറ്റും പരന്നു. "സോപ്പല്ലേ എന്നും തേച്ചുകുളിക്കുന്നത്... പൂവല്ലല്ലോ." കല്യാണിക്കുട്ടിയുടെ ചിരിയിൽ മുക്കിയ ആ കളിവചനത്തിന്റെ മാറ്റൊലികൾ അവിടെനിന്ന് ഞാൻ മതിവരുവോളം കേട്ടു.

കുന്നിറങ്ങുമ്പോൾ വല്ലാത്ത ക്ഷീണം തോന്നി. നേരം ഏറെ വൈകിയിരുന്നെങ്കിലും മെല്ലെ നടക്കാനേ കഴിഞ്ഞുള്ളു. വീട്ടിലെത്തി ഡോർ ബെല്ലടിച്ചപ്പോൾ ഇന്ദുജ ആകാംക്ഷയോടെയാണ് വാതിൽ തുറന്നത്. "അച്ഛനെന്താ ഇത്ര വൈകിയത്? ഞങ്ങൾ നോക്കി നോക്കി ഇരിക്കുകയായിരുന്നു. വാർത്തേടെ സമയോം കഴിഞ്ഞല്ലോ?"

"ങാ... ഇന്നൊരല്പം കൂടുതൽ നടന്നു." ചെറിയ സങ്കോചത്തോടെ ഞാൻ പറഞ്ഞു.

"മുഖത്ത് അതിന്റെ ക്ഷീണോം കാണുന്നുണ്ട്." ഇന്ദുജ എന്നെ സൂക്ഷിച്ചൊന്നു നോക്കി. അത് ശ്രദ്ധിച്ചില്ലെന്നു നടിച്ച് ഒരു ഗ്ലാസ് ജീരകവെള്ളം വാങ്ങിക്കുടിച്ച് ഞാൻ എന്റെ മുറിയിലേക്കു നടന്നു; ഇന്ദുജ കുട്ടികൾ പഠിക്കുന്നിടത്തേക്കും.

കാലമേറെച്ചെന്നിട്ടും തെളിച്ചം നഷ്ടപ്പെട്ടിട്ടില്ലാത്ത കല്യാണിക്കുട്ടിയുടെ ആ പഴയ ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോയിലേക്കുതന്നെ നോക്കിക്കൊണ്ട്, കസേരയിൽ കുറേനേരം വിശ്രമിച്ച ശേഷം വേണ്ട എത്തുവോളം കാത്തിരിക്കാതെ കുട്ടികളോടൊപ്പം ഭക്ഷണം കഴിച്ചിട്ട് ഉറങ്ങാൻ കിടന്നതാണ്. ഇതുവരെ ഉറങ്ങാൻ കഴിഞ്ഞില്ല. പൂമലക്കുന്നിറങ്ങുമ്പോൾ തോന്നിത്തുടങ്ങിയിരുന്ന നേരിയ നെഞ്ചുവേദന കുറേശ്ശെ കൂടിക്കൂടിവരുന്നതായും തോന്നുന്നു—ഒത്തിരിക്കാലം കൂടിയല്ലേ കയറ്റം കയറി നടന്നത്. പേശികൾ വേദനിക്കുന്നതാവും.

□

അയ്മനം ജോൺ



1953-ൽ അയ്മനത്ത് ജനനം. റിട്ട. കേന്ദ്ര ഗവ. ഉദ്യോഗസ്ഥൻ. ആയിരത്തിതൊള്ളായിരത്തി എഴുപത്തിരണ്ടിൽ മാതൃഭൂമി സാഹിത്യമത്സരത്തിൽ ഒന്നാം സമ്മാനം നേടിയ 'ക്രിസ്മസ് മരത്തിന്റെ വേര്' എന്ന കഥയിലൂടെ വായനക്കാർക്കിടയിൽ ശ്രദ്ധേയനായ അയ്മനം ജോൺ വളരെക്കുറച്ച് കഥകളേയെഴുതിയിട്ടുള്ളൂ. ഇപ്പോൾ കേരള സാഹിത്യ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗം.

പ്രധാനകൃതികൾ

ക്രിസ്മസ് മരത്തിന്റെ വേര്, എന്നിട്ടുമുണ്ട് താമരപ്പൊയ്കകൾ, ചരിത്രം വായിക്കുന്ന ഒരാൾ, ഒന്നാം പാഠം ബഹിരാകാശം.

ചിത്രീകരണം: വി. പി. സുനിൽകുമാർ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.